**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 282** **27-01-2026 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് വലിയവെളിച്ചത്ത് സർക്കാർ അനുവദിച്ച ഒരു ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ആൻഡ് റിസർച്ച് ലബോറട്ടറിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | 2018-19 സാമ്പത്തിക വാർഷിക പദ്ധതിയിൽ കണ്ണൂർ ലാബിന്റെ നിർമ്മാണത്തിനുവേണ്ടി 330 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും 66 ലക്ഷം രൂപ (20% Plan cut due to flood) കുറവ് വരുത്തി 264 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും, ആയതിൽ നിന്നും പാട്ടതുകയായ 59.57 ലക്ഷം രൂപ KSIDC -യ്ക്ക് കൈമാറ്റം ചെയ്തിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പക്കൽ ശേഷിക്കുന്ന 204.33 ലക്ഷം രൂപ ഉപയോഗപ്പെടുത്തി ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചു. ലാബിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 971 ലക്ഷം രൂപയ്ക്ക് സമഗ്ര ഭരണാനുമതിയും, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് 200 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയ്ക്കുള്ള തുകയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു, ആയതിനുശേഷം ടെൻഡർ നടപടികൾ ആരംഭിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത ലബോറട്ടറിയുടെ നിർമ്മാണത്തിന്റെ ഭരണാനുമതി നൽകിയ തുക എത്രയാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വിശദമാക്കുമോ; | (ബി) | മറുപടി പിരിവ് (എ) ൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത ലബോറട്ടറി പൂർണ്ണതോതിൽ യാഥാർത്ഥ്യമാകുന്നതോടെ എന്തൊക്കെ സേവനങ്ങളാണ് സർക്കാരിനും പൊതുജനങ്ങൾക്കും ലഭ്യമാവുകയെന്ന് വിശദമാക്കുമോ? | (സി) | കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജനങ്ങൾ കുടിവെള്ളം പരിശോധിക്കുന്നതിന് കോഴിക്കോട് റീജിയണൽ, അനലിറ്റിക്കൽ ലബോറട്ടറിയെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൂത്തുപറമ്പ് റീജിയണൽ അനാലിറ്റിക്കൽ ലാബിൽ പൊതുജനങ്ങൾക്ക് അടക്കം ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേഡ്സ് റെഗുലേഷൻ 2011 അടിസ്ഥാനമാക്കിയുള്ള കുടിവെള്ളം |

| | | | |
|---|---|---|---|
| | | | പരിശോധിക്കുവാനുള്ള സംവിധാനം പൂർണ തോതിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പൂർണമായി പ്രവർത്തനക്ഷമമാകുന്നതോടു കൂടി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേഡ്സ് റെഗുലേഷൻ 2011 അടിസ്ഥാനമാക്കിയുള്ള എല്ലാ ഭക്ഷ്യ സാമ്പിളുകളുടെയും സ്റ്റാറ്റ്യൂട്ടറി, സർവൈലൻസ്, പ്രൈവറ്റ് സാമ്പിൾ എന്നിവയുടെ കെമിക്കൽ/ മൈക്രോബയോളജി പരിശോധനകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുന്ന വിധത്തിലാണ് കണ്ണൂർ ലാബ് വിഭാവനം ചെയ്തിട്ടുള്ളത്. അതോടൊപ്പം, പ്രൈവറ്റ് സാമ്പിൾ പരിശോധനയിലൂടെയുള്ള നികുതിയേതര വരുമാനവും വർദ്ധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ